# സീറോമലബാർ സഭയുടെ
# ആരാധനക്രമം

## മൃതദേഹം ദഹിപ്പിക്കുന്നതിനു മുമ്പുള്ള
## പ്രാർഥനാശുശ്രൂഷ

© All Rights reserved to the
Syro-Malabar Bishops' Synod

Imprimatur

Mount St. Thomas
21.01.2021

**George Cardinal Alencherry**
*Major Archbishop of the Syro-Malabar Church*

**Bishop Thomas Elavanal**
*Chairman, Syro-Malabar*
*Synodal Commission for Liturgy*

Published by
Secretariat, Commission for Liturgy
Major Archiepiscopal Curia
Mount St. Thomas, P.B. No. 3110
Kakkanad P.O., Kochi-682 030
Phone: 0484 2424780/2424768/2426235

First Print 2021

Printed at
Don Bosco IGACT
Phone: 0484 2806411

# പ്രസ്താവന

നിലവിലിരിക്കുന്ന മൃതസംസ്ക്കാരശുശ്രൂഷക്രമം ഉപയോഗിക്കുക എന്നതാണ് സഭയുടെ പൊതുനിലപാട്. എങ്കിലും പ്രത്യേകസന്ദർഭങ്ങളിലും പകർച്ചവ്യാധികളുടെ കാലത്തും മൃതദേഹങ്ങൾ ദഹിപ്പിക്കാൻ സഭയിൽ അനുവാദം ഉണ്ട്. കോവിഡ് - 19 മഹാമാരിയുടെ സാഹചര്യത്തിൽ മൃതദേഹങ്ങൾ പലപ്പോഴും ദഹിപ്പിക്കേണ്ടതായിവരുന്നു. തന്മൂലം, മൃതദേഹങ്ങൾ ദഹിപ്പിക്കാനുള്ള ക്രമറ്റോറിയങ്ങൾ രൂപതാതലത്തിലോ അതിരൂപതാതലത്തിലോ ക്രമീകരിക്കുന്നതിനുള്ള പദ്ധതികൾ രൂപപ്പെട്ടുവരുന്നു. ഈ സാഹചര്യം കണക്കിലെടുത്താണ് മൃതദേഹം ദഹിപ്പിക്കുന്നതിനുമുമ്പ് നടത്തുന്ന പ്രാർഥനാശുശ്രൂഷ വേണമെന്ന അവശ്യമുയർന്നത്. അതനുസരിച്ച്, സീറോമലബാർ സെൻട്രൽ ലിറ്റർജി കമ്മിറ്റി ഒരു ഡ്രാഫ്റ്റ് ടെക്സ്റ്റ് തയ്യാറാക്കി. ഇത് 2021 ജനുവരി 11 - 16 വരെ സമ്മേളിച്ച സിനഡിൽ വിശദമായി ചർച്ചചെയ്ത് ആവശ്യമായ ഭേദഗതികൾ വരുത്തി. സീറോമലബാർ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ അംഗീകാരത്തോടെ ഈ പ്രാർഥനാശുശ്രൂഷ പ്രസിദ്ധപ്പെടുത്തുന്നു.

**മാർ തോമസ് ഇലവനാൽ**

ജനുവരി 20, 2021

ചെയർമാൻ, ആരാധനക്രമ കമ്മീഷൻ
മേജർ ആർക്കി എപ്പിസ്കോപ്പൽ സിനഡ്

# മൃതദേഹം ദഹിപ്പിക്കുന്നതിനു മുമ്പുള്ള പ്രാർഥനാശുശ്രൂഷ

**പൊതുനിർദേശങ്ങൾ**

1. മൃതദേഹം ദഹിപ്പിക്കുന്നതിനുമുമ്പ് ക്രെമറ്റോറിയത്തിൽവച്ചോ, ആശുപത്രിയിൽവച്ചോ, മെത്രാന്റെ/വൈദികന്റെ കാർമികത്വത്തിൽ ചൊല്ലാവുന്ന പ്രാർഥനാശുശ്രൂഷയാണിത്.

2. ശുശ്രൂഷാപരികർമത്തിന് കുരിശും തിരികളും ക്രമീകരിക്കുന്നത് ഉചിതമാണ്. സാഹചര്യം അനുവദിക്കുന്നുവെങ്കിൽ വിശുദ്ധജലം തളിക്കുകയും ധൂപിക്കുകയും വേണം.

3. മൃതദേഹം ദഹിപ്പിച്ചതിനുശേഷം ലഭിക്കുന്ന ഭൗതികാവശിഷ്ടം ശവ മഞ്ചത്തിലോ ഉചിതമായ പേടകത്തിലോവച്ച് ദൈവാലയത്തിലേ ക്കും സെമിത്തേരിയിലേക്കും കൊണ്ടുവന്ന്, മൃതസംസ്കാര ശുശ്രൂ ഷകൾ പതിവുപോലെ/സാഹചര്യം കണക്കിലെടുത്ത് നടത്തേണ്ട താണ്. ഈയവസരത്തിൽ, നിലവിലുള്ള മൃതസംസ്കാരശുശ്രൂഷാ പ്രാർഥനകൾ ഉപയോഗിക്കേണ്ടതാണ്. ഭൗതികാവശിഷ്ടം വീട്ടി ലേക്കു കൊണ്ടുപോകുന്നില്ലെങ്കിൽ ദൈവാലയത്തിലെ തിരുക്കർമ ങ്ങളോടെ ആരംഭിക്കുന്നു.

4. വീട്ടിലുള്ള ശുശ്രൂഷകളിൽ വരുന്ന 'മുടിയണിയിക്കൽ കർമം' ശവമഞ്ചത്തിന്റെയോ, പേടകത്തിന്റെയോ മുകളിൽ വച്ചുകൊണ്ടു ചെയ്യാവുന്നതാണ്.

# മൃതദേഹം ദഹിപ്പിക്കുന്നതിനു മുമ്പുള്ള പ്രാർഥന

കാർമി : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

സമൂ : ആമ്മേൻ.

കാർമി : ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂ : ആമ്മേൻ.

കാർമി : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവും ചേർന്ന്) അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നുദ്ഘോഷിക്കുന്നു. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സു സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്ക് ആവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

കാർമി | പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. | ആദിമുതൽ എന്നേക്കും ആമ്മേൻ.

കാർമി. : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവും ചേർന്ന്) അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നുദ്ഘോഷിക്കുന്നു.

ശുശ്രൂ : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

കാർമി : ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കുകയും പൊടിയും ചാരവുമായ അവനെ നിത്യജീവനിലേക്ക് വിളിക്കുകയും ചെയ്തതിന് ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും വിശ്വസിച്ചുകൊണ്ട് ഈ ലോകജീവിതം പൂർത്തിയാക്കിയ അങ്ങയുടെ ഈ ദാസനെ/ദാസിയെ നിത്യപ്രകാശത്തിലേക്കു നയിക്കണമേ. മരണത്തിന്റെയും ജീവന്റെയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ : ആമ്മേൻ.

## സങ്കീർത്തനം 115: 1– 5,7,9

കാർമി : ഞാൻ കർത്താവിനെ സ്നേഹിക്കുന്നു;
എന്തുകൊണ്ടെന്നാൽ അവിടന്ന്
എന്റെ യാചനയുടെ സ്വരം ശ്രവിക്കുന്നു.

സമൂ : ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ
അവിടന്ന് എന്റെ പക്കലേക്കു ചെവിചായിച്ചു.

കാർമ്മി : എന്തുകൊണ്ടെന്നാൽ മരണവേദന എന്നെ വലയംചെയ്തു;
ശീയോലിലെ പീഡകൾ വന്നുചേർന്നു;
ഞെരുക്കവും ദുഃഖവും എന്നെ ഗ്രസിച്ചു.

സമൂ : അപ്പോൾ ഞാൻ കർത്താവിന്റെ നാമം വിളിച്ചു:
കർത്താവേ, എന്റെ ആത്മാവിനെ രക്ഷിക്കണമേ.

കാർമ്മി : കർത്താവേ, അങ്ങു ദയാനിധിയും നീതിമാനുമാണ്;
ദൈവമേ, അങ്ങു കാരുണ്യവാനാണ്.

സമൂ : എന്റെ ആത്മാവേ, നീ വിശ്രമത്തിലേക്കു തിരിയുക;
കർത്താവു നിനക്കു പ്രതിഫലംതന്നു.

കാർമ്മി : എന്റെ ആത്മാവിനെ മരണത്തിൽനിന്നും
പാദങ്ങളെ വീഴ്ചയിൽനിന്നും അവിടന്നു രക്ഷിച്ചു.

സമൂ : കർത്താവേ, ജീവിക്കുന്നവരുടെ നാട്ടിൽ
ഞാൻ അങ്ങയെ പ്രീതിപ്പെടുത്തും.

കാർമ്മി : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ : ആദിമുതൽ എന്നേക്കും ആമ്മേൻ.

ശുശ്രൂ : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

കാർമ്മി : അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ, കത്തിജ്വലിക്കുന്നെങ്കിലും എരിഞ്ഞു ചാമ്പലാകാത്ത മുൾപ്പടർപ്പിന്റെ മധ്യത്തിൽനിന്ന്, അങ്ങയുടെ പരിശുദ്ധമായ നാമവും സജീവമായ സാന്നിധ്യവും ദാസനായ മൂശെയ്ക്ക് വെളിപ്പെടുത്തിയതിനു ഞങ്ങൾ

അങ്ങയെ സ്തുതിക്കുന്നു. വാഗ്ദാനനാട്ടിലേക്കുള്ള യാത്രയിൽ, അങ്ങയുടെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനു പകൽ വഴികാട്ടാൻ മേഘസ്തംഭമായും രാത്രിയിൽ പ്രകാശം നല്കാൻ അഗ്നിസ്തംഭമായും അവർക്കു മുമ്പേ അങ്ങ് നീങ്ങിയിരുന്നുവല്ലോ. ഞങ്ങളിൽനിന്നു വേർപിരിഞ്ഞുപോകുന്ന ഈ ദാസന്റെ/ദാസിയുടെ നിത്യമഹത്ത്വത്തിലേക്കുള്ള യാത്രയിൽ അങ്ങയുടെ രക്ഷാസാന്നിധ്യവും കാരുണ്യവും ആശ്രയമായിത്തീരാൻ കൃപയുണ്ടാകണമേ. മരണത്തിന്റെയും ജീവന്റെയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ : ആമ്മേൻ.

കാർമി : ലോകത്തിന്റെ പ്രകാശവും സകലത്തിന്റെയും ജീവനുമായ മിശിഹായേ, നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച അനന്തകാരുണ്യത്തിന് എന്നേക്കും സ്തുതി. ആമ്മേൻ.

കാർമി : സമാധാനം ✠ നിങ്ങളോടുകൂടെ.

സമൂ : അങ്ങയോടും അങ്ങയുടെ ആത്മാവിനോടുംകൂടെ.

കാർമി : വിശുദ്ധയോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ പരിശുദ്ധസുവിശേഷം (യോഹ 11: 23 - 27).

സമൂ : നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ഈശോ മർത്തായോടു പറഞ്ഞു: നിന്റെ സഹോദരൻ ഉയിർത്തെഴുന്നേല്ക്കും. മർത്താ അവനോടു പറഞ്ഞു: അന്തിമനാളിലെ ഉത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേല്ക്കുമെന്ന് എനിക്കറിയാം. ഈശോ അവളോടു പറഞ്ഞു: ഞാനാകുന്നു ഉത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ നിത്യ

മായി മരിക്കുകയില്ല. ഇതു നീ വിശ്വസിക്കുന്നുവോ? അവൾ പറഞ്ഞു: ഉവ്വ്, കർത്താവേ! നീ ലോകത്തിലേക്കു വരാനിരുന്ന ദൈവപുത്രനായ മിശിഹാ ആണെന്നു ഞാൻ വിശ്വസിക്കുന്നു.

സമൂ : നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## സമാപനപ്രാർത്ഥന

കാർമ : കർത്താവായ ദൈവമേ, ആഗ്നേയരഥം അയച്ച് ചുഴലിക്കാറ്റിലൂടെ ഏലിയാപ്രവാചകനെ സ്വർഗത്തിലേക്കുയർത്തിയ അങ്ങയുടെ അവർണനീയമായ ശക്തിയെ ഞങ്ങൾ വാഴ്ത്തുന്നു. ഏശയ്യാപ്രവാചകന്റെ അധരങ്ങളിൽ തീക്കനൽകൊണ്ടു സ്പർശിച്ചു പാപമാലിന്യങ്ങൾ നീക്കിയ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അഗ്നിയിൽ ദഹിപ്പിക്കപ്പെടുന്ന ഈ ദാസന്റെ/ദാസിയുടെ ശരീരത്തെ വിശുദ്ധീകരിച്ച്, ഇയാൾക്ക് ശാശ്വതമായ സമാധാനവും നിത്യജീവനും നല്കി സ്വർഗസൗഭാഗ്യത്തിലേക്കു പ്രവേശിപ്പിക്കണമേ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും (മൃതദേഹത്തെ ആശീർവദിക്കുന്നു).

സമൂ : ആമ്മേൻ.

*തുടർന്ന് മൃതദേഹത്തിന്മേൽ വിശുദ്ധജലം തളിക്കുകയും ധൂപിക്കുകയും ചെയ്യുന്നു.*

******